# വനിതാ ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ : അനുപമ റ്റി വി, ഐ.എ.എസ്.)

**ഉത്തരവ് നമ്പർ : WCD-E1/9176/2021** തീയതി : 22/10/2021

വിഷയം :- വനിതാ ശിശുവികസന വകുപ്പ് - ജീവനക്കാര്യം - ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം :- 1) സ.ഉ.(പി) നം. 23/2010/സാ.നീ.വ. തീയതി : 30/03/2010

2) വനിതാ ശിശുവികസന ഡയറക്ടറുടെ 12/07/2021 ലെ WCD/E8/15522/2020 നമ്പർ വിജ്ഞാപനം

ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിലേയ്ക്ക് 1 : 4 എന്ന അനുപാതത്തിൽ നേരിട്ടുള്ള നിയമനവും സ്ഥാനക്കയറ്റം മുഖേനയുള്ള നിയമനവുമാണ് പരാമർശം (1) പ്രകാരം വകുപ്പിൽ നിലവിലുള്ള വിശേഷാൽ ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ളത്. വകുപ്പിലെ ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിനായി 2021 വർഷത്തെ സെലക്ട് ലിസ്റ്റ് പരാമർശം (2) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിൽ 13 ഒഴിവുകൾ നിലവിലുണ്ട്. പ്രസ്തുത ഒഴിവുകളിൽ 8 എണ്ണം കേരളാ പി.എസ്.സി. മുഖേന നേരിട്ടുള്ള നിയമനത്തിലൂടെയും ശേഷിക്കുന്ന 5 ഒഴിവുകൾ ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയിൽ നിന്നുള്ള ഉദ്യോഗക്കയറ്റം മുഖേനയും നിയമനം നടത്തേണ്ടതാണ്.

സെലക്ട് ലിസ്റ്റിലെ ക്രമനമ്പർ 38 വരെയുള്ളവർക്ക് ഇതിനകം ഉദ്യോഗക്കയറ്റം നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ 2021 ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട ക്രമ നമ്പർ 39 മുതൽ 43 വരെയുള്ള ചുവടെ പേര് ചേർക്കുന്ന ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർ ഇപ്പോൾ ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റത്തിന് അർഹരാണ്.

| ക്രമ നമ്പർ | ജീവനക്കാരുടെ പേര് | 2021 ലെ സെലക്ട് ലിസ്റ്റിലെ ക്രമ നമ്പർ |
|---|---|---|
| 1. | ശ്രീമതി ഗീത ആർ | 39 |
| 2. | ശ്രീമതി ബിജി ഇ കെ | 40 |
| 3. | ശ്രീമതി കോമളവല്ലി കെ സി | 41 |
| 4. | ശ്രീമതി പുഷ്പലത പി | 42 |
| 5. | ശ്രീമതി ജ്യോതി ജെ | 43 |

ഉദ്യോഗക്കയറ്റത്തിന് ആർഹരായ മേൽ വിവരിച്ച ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർക്ക് KS & SSR Rule 28(A)(1) പ്രകാരം 50200 – 105300 രൂപ ശമ്പള നിരക്കിൽ ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി ചുവടെ പറയും പ്രകാരം പേരിന് നേരെ ചേർത്തിട്ടുള്ള കാര്യാലയങ്ങളിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | പേരും നിലവിലെ തസ്തികയും കാര്യാലയവും | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന തസ്തികയും കാര്യാലയവും | അഭിപ്രായം |
|---|---|---|---|
| 1. | ശ്രീമതി ഗീത ആർ<br>(PEN : 211868)<br>ICDS സൂപ്പർവൈസർ<br>ICDS പ്രോജക്റ്റ് ഓഫീസ്<br>വെള്ളനാട് അഡീഷണൽ | ശിശുവികസന പദ്ധതി ഓഫീസർ<br>ICDS പ്രോജക്റ്റ് ഓഫീസ്<br>അഴുത അഡീഷണൽ | ഉദ്യോഗക്കയറ്റം |
| 2. | ശ്രീമതി ബിജി ഇ കെ<br>(PEN : 212153)<br>ICDS സൂപ്പർവൈസർ<br>ICDS പ്രോജക്റ്റ് ഓഫീസ്<br>നീലേശ്വരം അഡീഷണൽ | ശിശുവികസന പദ്ധതി ഓഫീസർ<br>ICDS പ്രോജക്റ്റ് ഓഫീസ്<br>കാസർഗോഡ് | ഉദ്യോഗക്കയറ്റം |
| 3. | ശ്രീമതി കോമളവല്ലി കെ സി<br>(PEN : 212122)<br>ICDS സൂപ്പർവൈസർ<br>ICDS പ്രോജക്റ്റ് ഓഫീസ്<br>പഴയന്നൂർ | ശിശുവികസന പദ്ധതി ഓഫീസർ<br>ICDS പ്രോജക്റ്റ് ഓഫീസ്<br>പരപ്പ അഡീഷണൽ | ഉദ്യോഗക്കയറ്റം |
| 4. | ശ്രീമതി പുഷ്പലത പി<br>(PEN : 214053)<br>ICDS സൂപ്പർവൈസർ<br>ICDS പ്രോജക്റ്റ് ഓഫീസ്<br>വടകര അർബൻ | ശിശുവികസന പദ്ധതി ഓഫീസർ<br>ICDS പ്രോജക്റ്റ് ഓഫീസ്<br>സുൽത്താൻബത്തേരി | ഉദ്യോഗക്കയറ്റം |
| 5. | ശ്രീമതി ജ്യോതി ജെ<br>(PEN : 213405)<br>ICDS സൂപ്പർവൈസർ<br>ICDS പ്രോജക്റ്റ് ഓഫീസ്<br>വർക്കല അഡീഷണൽ | ശിശുവികസന പദ്ധതി ഓഫീസർ<br>ICDS പ്രോജക്റ്റ് ഓഫീസ്<br>പരപ്പ | ഉദ്യോഗക്കയറ്റം |

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരെ ബന്ധപ്പെട്ട കാര്യാലയ മേധാവികൾ ഈ ഉത്തരവ് തീയതി മുതൽ **അഞ്ച് ദിവസത്തിനകം വിടുതൽ ചെയ്യേണ്ടതാണ്.** ജീവനക്കാർ യഥാസമയം ഉദ്യോഗക്കറ്റം ലഭിച്ച തസ്തികയിൽ പ്രവേശിക്കേണ്ടതും, വിടുതൽ/ പ്രവേശനം സംബന്ധിച്ച റിപ്പോർട്ട് ഈ കാര്യാലയത്തിൽ തപാൽ മുഖേന ലഭ്യമാക്കേണ്ടതുമാണ്.

**(ഒപ്പ്)**
**വനിതാ ശിശുവികസന ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്
ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർമാർക്ക്

<u>പകർപ്പ്</u>

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2. എല്ലാ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്കും
3. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
4. സൂപ്രണ്ട്, ഐ.റ്റി. സെൽ (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. സ്റ്റോക്ക് ഫയൽ/ സ്പെയർ

ഉത്തരവിൻ പ്രകാരം

Suriah

സൂപ്രണ്ട്